**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2287** **21-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ ഗവണ്മെന്റ് എൽ.പി.എസ്. കെട്ടിട നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എൽ.എസ്.ജി.ഡി. കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ ചാത്തന്നൂർ ഗവണ്മെന്റ് എൽ.പി.എസ്. ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | പ്ലിന്ത് ബീമിന്റെ കമ്പി കെട്ടി അതിന്റെ ഷട്ടറിംഗ് നടന്നു വരികയാണ്. സ്കൂൾ പ്രവൃത്തി ദിവസം അല്ലാത്ത ദിവസം മാത്രമേ കോൺക്രീറ്റ് പ്രവൃത്തി നടത്താൻ സാധിക്കുന്നുള്ളൂ. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് നേരിടുന്ന കാലതാമസം ഒഴിവാക്കി പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ബി) | പ്രവൃത്തിയുടെ രണ്ടാം നിലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഒന്നാം നിലയുടെ അപ്രൂവ്ഡ് ഡിസൈനും, സ്ട്രക്ചറൽ ഡ്രോയിംഗും ആവശ്യമാണെന്ന് പി.ഡബ്ല്യു.ഡി യിൽ നിന്നും അറിയച്ചതിനെത്തുടർന്ന് കൊല്ലം ടി.കെ.എം എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ഡിസൈൻ അംഗീകരിച്ചതിനു ശേഷമാണ് പ്രവൃത്തി ആരംഭിച്ചത് (എൽ.എസ്.ജി.ഡി യ്ക്ക് ഡിസൈൻ വിംഗ് ഇല്ലാത്തതിനാൽ ഡിസൈൻ തയ്യാറാക്കിയിരുന്നില്ല) കൂടാതെ, പ്രവൃത്തിയ്ക്ക് ഉപയോഗിക്കുന്ന കമ്പി കൊല്ലം ടി.കെ.എം എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ടെസ്റ്റ് ചെയ്ത് കിട്ടുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. മാത്രവുമല്ല, 2024 മെയ് മാസത്തിലുണ്ടായ ശക്തമായ മഴയും പ്രവൃത്തി തുടരുന്നതിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിലവിൽ പ്രതികൂല സാഹചര്യം ഒന്നും തന്നെ ഇല്ല. ആയതിനാൽ, പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ